**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1802** **12-09-2023 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ കോളേജുകളുടെ പ്രവർത്തന സമയം ക്രമീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കോളേജുകളുടെ പ്രവർത്തന സമയം രാവിലെ 8 മണി മുതൽ 1.30 വരെയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ കോളേജുകളുടെ നിലവിലെ പ്രവർത്തന സമയത്തിൽ മാറ്റം വരുത്തുവാൻ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. എന്നാൽ മറ്റ് സമയക്രമങ്ങളോടൊപ്പം 8 മണി മുതൽ 1.30 വരെയുള്ള സമയം അതാത് സ്ഥാപനങ്ങൾക്ക് സ്വീകരിയ്ക്കാവുന്നതാണ്.<br><br>എന്നിരുന്നാലും, സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സമഗ്ര പരിഷ്കരണം ലക്ഷ്യമാക്കി സർക്കാർ നിയോഗിച്ച ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ കലാലയങ്ങളിൽ Flexible Timings നടപ്പിലാക്കുന്നത് ശിപാർശ ചെയ്തിട്ടുണ്ട്. ഇത് കരിക്കുലം പരിഷ്കരണത്തിന്റെ ഭാഗമായി പരിശോധിച്ചു വരുന്നു. |
| (ബി) | ഈ രീതിയിൽ സമയം ക്രമപ്പെടുത്തിയാൽ പാർട്ട് ടൈം ജോലി ചെയ്യുന്ന വിദ്യാർത്ഥികൾക്കും ഓൺലൈൻ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആവശ്യമായ സമയം ലഭിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | നിലവിലെ പ്രവർത്തന സമയത്തിൽ മാറ്റം വരുത്തിയാൽ പാർട്ട് ടൈം ജോലി ചെയ്യുന്ന വിദ്യാർത്ഥികൾക്കും ഓൺ ലൈൻ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്കും ആവശ്യമായ കൂടുതൽ സമയം ലഭിച്ചേക്കാം എന്നാൽ, ദൂര സ്ഥലങ്ങളിൽ നിന്നും എത്തിച്ചേരുന്ന വിദ്യാർത്ഥികളെ സമയ മാറ്റം ദോഷകരമായി ബാധിക്കുവാനും സാധ്യതയുണ്ട്. കൂടാതെ, പല സ്ഥാപനങ്ങളിലും ഇലക്റ്റീവ് ക്ലാസുകളും മറ്റും ഇപ്പോൾ രാവിലെ 8 മണി മുതൽ തന്നെ ആരംഭിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ